ഉത്തരം

(എ) സംസ്ഥാന ശുചിത്വ-ആരോഗ്യമിഷന്റെ പ്രവർത്തനം പൂർണ്ണ തോതിൽ ആരംഭിക്കുന്നതിന് സാങ്കേതിക സഹായ സമിതിയിലേയ്ക്കുള്ള നിയമനങ്ങൾ പൂർത്തിയാക്കുകയും മിഷൻ ചാരിറ്റബിൾ സൊസൈറ്റി നിയമ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതുമാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരു ന്നു. ഇതോടൊപ്പം തന്നെ ഒന്നാം ഘട്ടം പ്രവർത്തനങ്ങൾ നടത്തേണ്ട ഗ്രാമപ ഞ്ചായത്തുകളുടെ നിർണ്ണയം പൂർത്തീകരിക്കുകയും 30 ഗ്രാമ പഞ്ചായത്തുക ളുമായും ഒരു ബ്ലോക്കു പഞ്ചായത്തുമായും ആശയവിനിമയം നടത്തുകയും ചെയ്തു. ഇതിൽ 11 ഗ്രാമ പഞ്ചായത്തുകളിൽ ഹെൽത്ത് പ്രൊമോഷൻ ടീം രൂപീകരിക്കുകയും ടീം അംഗങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്തു കൊണ്ട് ശുചിത്വ-ആരോഗ്യപ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചിട്ടുണ്ട്. സാങ്കേതികസഹായ സമിതി രൂപീകരണം പൂർത്തിയാകുന്നതോടെ കൂടുതൽ ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കുവാൻ സാധി ക്കുന്നതാണ്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിൽ ജനപങ്കാ ളിത്തം ഉറപ്പുവരുത്തുന്നതിനു ഗ്രാമ/ബ്ലോക്ക്/ജില്ലാതലങ്ങളിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ നിലവിൽ വന്നതിനാൽ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രധാനപ്പെട്ട തീരുമാനങ്ങൾ ഈ സ്ഥാപനങ്ങൾക്കു കൈക്കൊ ള്ളാവുന്നതാണെന്നതിനാലാണ് ജില്ലാ ഗ്രാമ വികസന ഏജൻസികൾ പിരിച്ചു വിടുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

(സി) മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി കേന്ദ്രാവിഷ്കൃത ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ തെരഞ്ഞെടുക്കപ്പെട്ട ത്രിതല പഞ്ചായത്തു കൾ മുഖേന നടപ്പാക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗ മായി ഡി.ആർ.ഡി.എ. കൾ ജില്ലാ പഞ്ചായത്തുകളുമായി ഏകോപിപ്പി ക്കാനുള്ള നടപടി എടുത്തിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതിയും ഗ്രാമവിക സനം ഊർജ്ജിതപ്പെടുത്തുന്നതിന് സഹായിക്കുന്നുണ്ട്.

392 (1585) ഇന്ദിര ഭവനപദ്ധതി

ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി. രാജു :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വ യംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ഭവന പദ്ധതി, ജവഹർതൊഴിൽദാന പദ്ധതി എന്നിവ യിൽ ഉൾപ്പെടുത്തി ഇതുവരെ എത്ര നിർദ്ധന ഗ്രാമീണർക്കു ഭവനങ്ങൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിപ്രകാരം എത്ര വീടുകളുടെ ജോലികൾ ഇപ്പോൾ നടന്നുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിൻപ്രകാരം കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ എത്ര രൂപ യുടെ വികസനപ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടു ത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതനുസരിച്ച് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇന്ദിര ഭവനപദ്ധതി, ജവഹർ തൊഴിൽദാന പദ്ധതി എന്നിവ പ്രകാരം ഗ്രാമവികസനവകുപ്പ് ഇതുവരെ 1,97,605 വീടുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്.

(ബി)&(സി) 24,625 വീടുകളുടെ നിർമ്മാണം നടന്നുവരുന്നു.

കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങൾക്ക് ചെലവായ തുക താഴെ പറയുംപ്രകാരമാണ്.

	(തുക ലക്ഷത്തിൽ)			
ജവഹർ തൊഴിൽ ദാന പദ്ധതി	1995-96	1996-97	1997-98	1998-99
	8888.24	4352.43	3851.76	4239.95
ഇന്ദിരാ ഭവന പദ്ധതി		2686.00	2975.78	3632.01
ആകെ	8888.24	7038.43	6827.54	7871.96

ജവഹർ തൊഴിൽദാന പദ്ധതിയിൽ ഭവനനിർമ്മാണത്തിനായി പ്രത്യേകം തുക നീക്കിവച്ചിരുന്നില്ല. പദ്ധതിവിഹിതത്തിന്റെ 22.5% പട്ടികജാതി/പട്ടിക വർഗ്ഗക്കാരുടെ വ്യക്തിഗത പരിപാടികൾക്ക് വകയിരുത്തിയിരുന്ന തുകയാണ് പ്രധാനമായും ഭവനനിർമ്മാണത്തിനുവേണ്ടി ഇന്ദിര ഭവനപദ്ധതി മാതൃകയിൽ ചെലവഴിച്ചിട്ടുള്ളത്.

(ഡി) ഭവനനിർമ്മാണം, കക്കൂസ്, കുളിമുറി എന്നിവയുടെ പണി, വീട്, വൈദ്യുതീകരണം പുകയില്ലാത്ത അടുപ്പുസ്ഥാപിക്കൽ, കോളനികളിൽ പൊതുകിണർ, റോഡ് എന്നിവയുടെ നിർമ്മാണവും ലാൻഡ് ഡെവലപ്മെന്റ് തുടങ്ങിയവയാണ് വികസനപ്രവർത്തനങ്ങൾ.

393 (1585) തൊഴിൽ നികുതി പുതുക്കി നിശ്ചയിക്കാൻ നടപടി

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കി വന്നിരുന്ന തൊഴിൽനികുതി ക്രമാതീതമായി വർദ്ധിപ്പിച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സർവ്വീസ് സംഘടനകളിൽ നിന്ന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) 1998-ൽ നടപ്പാക്കിയ ശമ്പളപരിഷ്കരണത്തെത്തുടർന്ന് സംസ്ഥാന ജീവനക്കാർ മുൻപ് നൽകിയിരുന്ന തൊഴിൽനികുതിയുടെ പതിൻമടങ്ങ് ഇപ്പോൾ നൽകേണ്ടതായി വരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly